# വിദ്യാഭ്യാസം സംബന്ധിച്ച പ്രഖ്യാപനം

**ഡോ. ഡോമിനിക്ക് വെച്ചൂർ, ബ്രദ. തോമസ് തയ്യിൽ**

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖകളിലെ പ്രഖ്യാപനങ്ങളുടെ ഗണത്തിൽ ഒന്നാമത്തേതാണു വിദ്യാഭ്യാസം സംബന്ധിച്ചത്. ഗ്രവീസിമും എദുക്കാസിയോണിസ് (Gravissimum Educationis = വിദ്യാഭ്യാസത്തിന്റെ ഏറ്റവും ഗൗരവമായ തലം) എന്നാണ് ഈ രേഖയുടെ ഔദ്യോഗിക നാമം. 1965 ഒക്ടോബർ 08 –ന് ഇതു പ്രസിദ്ധീകൃതമായി. വിദ്യാഭ്യാസം സംബന്ധിച്ച് പൊതുവിലും കത്തോലിക്കാ വിദ്യാഭ്യാസം സംബന്ധിച്ച് പ്രത്യേകമായും തിരുസഭയ്ക്കുള്ള കാഴ്ചപ്പാടുകളും നിലപാടുകളും വ്യക്തമാക്കുകയാണ് ഈ പ്രഖ്യാപനത്തിലൂടെ. വിദ്യാഭ്യാസം സംബന്ധിച്ച് കൗൺസിൽ കാലഘട്ടം വരെ മാർഗ്ഗരേഖയായി കരുതിയിരുന്ന പതിനൊന്നാം പീയൂസ് പാപ്പായുടെ Divini illus magistri (1929) എന്ന രേഖയുടെ തുടർച്ചയും പൂർത്തീകരണവുമാണ് ഈ രേഖ. വത്തിക്കാൻ സൂനഹദോസിന്റെ ലക്ഷ്യങ്ങളിലൊന്നായ ആധുനിക ലോകവുമായുള്ള സംവാദത്തിനും മാനവപുരോഗതിക്കുമുള്ള ഏറ്റവും നല്ല ഉപാധിയായിട്ടാണു വിദ്യാഭ്യാസ മേഖലയെ കൗൺസിൽ പിതാക്കന്മാർ കണ്ടത്.

**പ്രധാന ചിന്തകൾ:**

**i) വിദ്യാഭ്യാസത്തിന് എല്ലാ മനുഷ്യർക്കുമുള്ള അവകാശം:**

മനുഷ്യജീവിതത്തിൽ വിദ്യാഭ്യാസത്തിനു ഗൗരവമായ സ്ഥാനവും പ്രാധാന്യവുമുണ്ട്. മനുഷ്യന്റെ സാമൂഹികവും സാംസ്കാരികവും ആദ്ധ്യാത്മികവുമായ നല്ല പൈതൃകങ്ങൾ സംരക്ഷിക്കുവാനും വളർത്തുവാനും മാനവകുലത്തോടുള്ള ഉത്തരവാദിത്വങ്ങൾ ശരിയായ വിധത്തിൽ നിർവ്വഹിക്കുവാനും വിദ്യാഭ്യാസം മനുഷ്യമക്കളെ സഹായിക്കുന്നു. അതുകൊണ്ട് എല്ലാ മനുഷ്യർക്കും വിദ്യാഭ്യാസത്തിനുള്ള മൗലികമായ അവകാശമുണ്ട്. വിദ്യാഭ്യാസ അവകാശം ആർക്കും അന്യാധീനപ്പെടുത്താനാവുകയില്ലെന്നും മനുഷ്യന്റെ പരമാന്ത്യം മുന്നിൽ കണ്ടുകൊണ്ട് അവന്റെ സമഗ്രവ്യക്തിത്വത്തിനു രൂപം കൊടുക്കുകയാണു ശരിയായ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്നും ഈ രേഖ പ്രത്യേകം എടുത്തു പറയുന്നു (n.1). ഒരു വ്യക്തിയുടെ ശാരീരികവും മാനസികവും ബൗദ്ധികവും വൈകാരികവുമായ കഴിവുകൾ സമഗ്രമായി വളർത്തണമെന്നും അതിനാവശ്യമായ പൊതുവിജ്ഞാനവും വൈകാരികപരിശീലനവും ലൈംഗികവിദ്യാഭ്യാസവും സാമൂഹികമായ അവബോധവും വിവിധ കലകളിലുള്ള പരിശീലനവും വിദ്യാഭ്യാസത്തിലൂടെ നൽകണമെന്നും ഈ രേഖ നിർദ്ദേശിക്കുന്നുണ്ട്. കുട്ടികൾക്കു ശരിയായ വിദ്യാഭ്യാസം നല്കുവാൻ മാതാപിതാക്കന്മാർക്കും അദ്ധ്യാപകർക്കും പ്രത്യേകിച്ച്, സമൂഹത്തിലെ എല്ലാവർക്കും പൊതുവിലും ഉത്തരവാദിത്വമുണ്ടെന്ന് കൗൺസിൽ പിതാക്കന്മാർ വിലയിരുത്തുന്നു. ഇക്കാര്യത്തിൽ

സമൂഹജീവിതത്തിലെ വിവിധ തലങ്ങൾ തമ്മിലുള്ള സഹകരണവും പരസ്പരബഹുമാനവും ഉണ്ടാകേണ്ടതുണ്ട് (n.3). വിദ്യാഭ്യാസം പ്രധാനമായും നടക്കുന്നതു വിദ്യാലയങ്ങളിലൂടെയാണെന്ന കാര്യവും രേഖ എടുത്തു പറയുന്നുണ്ട് (n.5).

**ii) ക്രിസ്തീയ വിദ്യാഭ്യാസത്തിനുള്ള അവകാശം:**

വിദ്യാഭ്യാസം എല്ലാ മനുഷ്യരുടെയും പൊതുവായ അവകാശമെന്നതുപോലെ, മാമ്മോദീസാ സ്വീകരിച്ച ക്രൈസ്തവർക്കു ക്രിസ്തീയ വിദ്യാഭ്യാസത്തിനുള്ള അവകാശവുമുണ്ട്. കേവലം വ്യക്തിത്വവികസനം മാത്രമല്ല ക്രൈസ്തവവിദ്യാഭ്യാസം കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്; മറിച്ച് മാമ്മോദീസാ സ്വീകരിച്ചവരെ രക്ഷാകര രഹസ്യത്തിലേക്കു നയിക്കുവാനും തങ്ങൾ സ്വീകരിച്ച ക്രൈസ്തവവിശ്വാസത്തെക്കുറിച്ചു കൂടുതൽ ബോധവാന്മാരാക്കുവാനും ദൈവത്തെ സത്യത്തിലും അരൂപിയിലും ആരാധിക്കുവാനും തിരുസഭയുടെ വളർച്ചയിൽ സഹകരിച്ചു പ്രവർത്തിക്കുവാനും അതുവഴി ലോകത്തെ ക്രൈസ്തവമായ രീതിയിൽ പരിവർത്തനം ചെയ്യുവാനും വിശ്വാസികളെ പ്രാപ്തരാക്കുകയാണ് ക്രൈസ്തവവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അതുകൊണ്ട് എല്ലാ വിശ്വാസികൾക്കും, പ്രത്യേകിച്ചു യുവജനങ്ങൾക്കു ക്രിസ്തീയവിദ്യാഭ്യാസം ലഭിക്കുവാൻ വേണ്ടതെല്ലാം ചെയ്യുവാൻ കൗൺസിൽ പിതാക്കന്മാർ അജപാലകരെ ഓർമ്മിപ്പിക്കുന്നു (n.2). ക്രിസ്തീയവിദ്യാഭ്യാസത്തിനുള്ള എല്ലാ മാർഗ്ഗങ്ങളും ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തുവാൻ സഭ എന്നും ബദ്ധശ്രദ്ധയാണ്. അതിനുള്ള ഏറ്റവും പ്രധാനപ്പെട്ട ഉപാധിയായി പ്രമാണരേഖ എടുത്തു പറയുന്നതു ശരിയായ മതബോധനമാണ്. ഇതിലൂടെ വിശ്വാസത്തിനു കൂടുതൽ മാറ്റും തെളിമയും ലഭിക്കുകയും ശരിയായ ആരാധനാക്രമ ഭാഗഭാഗിത്വവും പ്രേഷിതപ്രവർത്തനവും സാധിതമാകുകയും ചെയ്യുന്നു. മാതാപിതാക്കളും അദ്ധ്യാപകരും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നും രേഖ നിർദ്ദേശിക്കുന്നുണ്ട്.

**iii) കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രസക്തി:**

ശരിയായ കത്തോലിക്കാവിദ്യാഭ്യാസം നല്കുവാൻ ഉതകുന്ന രീതിയിൽ കത്തോലിക്കാവിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിച്ചു നടത്തുവാനുള്ള അവകാശവും സ്വാതന്ത്ര്യവും സഭയ്ക്കുണ്ടെന്നു രേഖ വ്യക്തമായി പറയുന്നു (n.8). ഇതുവഴി വിദ്യാഭ്യാസമേഖലയിൽ സഭയുടെ സാന്നിദ്ധ്യവും പ്രത്യേകവിധത്തിൽ പ്രകടമാക്കുന്നു. ഇതു മന:സാക്ഷി സ്വാതന്ത്ര്യത്തിനും മാതാപിതാക്കളുടെ അവകാശങ്ങൾക്കും സാംസ്കാരിക പുരോഗതിക്കും വലിയ മുതൽകൂട്ടായി തീരുന്നു. ക്രൈസ്തവ കലാലയങ്ങളിൽ സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സുവിശേഷചൈതന്യത്താൽ പ്രബുദ്ധമായ ഒരന്തരീക്ഷം ഉണ്ടാകണം. കുട്ടികൾ ആർജ്ജിച്ചെടുക്കുന്ന അറിവ് വിശ്വാസവെളിച്ചത്താൽ പ്രകാശിതമാകണം. കത്തോലിക്കാവിദ്യാലയങ്ങൾക്ക് വിവിധ രൂപങ്ങളും ഭാവങ്ങളും ഉണ്ടാകാമെങ്കിലും സമൂഹത്തിലെ ദരിദ്രരോടും പാർശ്വവത്കരിക്കപ്പെട്ടവരോടും പ്രത്യേകം പരിഗണന കാണിക്കണമെന്നും രേഖ എടുത്തു പറയുന്നുണ്ട് (n.9). കത്തോലിക്കാ കലാലയങ്ങളിലൂടെയും സർവ്വകലാശാലകളിലൂടെയും

ശരിയായ സാംസ്കാരികോന്നമനമാണ് ഉണ്ടാകേണ്ടത്. യഥാർത്ഥ വിജ്ഞാനത്തിൽ അദ്വിതീയരും സമൂഹത്തിൽ ഭാരിച്ച ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുവാൻ കാര്യപ്രാപ്തിയുള്ളവരും ലോകത്തിൽ വിശ്വാസത്തിന് സാക്ഷ്യം വഹിക്കുവാൻ കഴിയുന്നവരുമായ ഒരു യുവ തലമുറയാണ് കത്തോലിക്കാവിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെ പഠിച്ചു പുറത്തിറങ്ങേണ്ടത്. ഇതിന് ആവശ്യമായ സംവിധാനങ്ങളും സാഹചര്യങ്ങളും ക്രമീകരിക്കുവാൻ അജപാലകരെ കൗൺസിൽ പിതാക്കന്മാർ ക്ഷണിക്കുന്നു. ഉന്നതവിദ്യാലയങ്ങളിലും സർവ്വകലാശാലകളിലും ഒരു ദൈവശാസ്ത്രവിഭാഗവും സാധ്യമെങ്കിൽ രൂപപ്പെടുത്താവുന്നതാണെന്നും അവയിലൂടെ അത്മായർക്ക് ശരിയായ ദൈവശാസ്ത്ര പരിജ്ഞാനം നല്കുവാൻ കഴിയുമെന്നും ഈ പ്രമാണരേഖ ഓർമ്മിപ്പിക്കുന്നുണ്ട്. വിദ്യാഭ്യാസമേഖലയുടെ ശരിയായ പ്രവർത്തനത്തിന് കത്തോലിക്കാവിദ്യാഭ്യാസസ്ഥാപനങ്ങൾ തമ്മിൽത്തമ്മിലും ഇതരവിദ്യാഭ്യാസസ്ഥാപനങ്ങളോടും ആരോഗ്യകരമായ സഹകരണം വളർത്തണമെന്നും രേഖ നിർദ്ദേശിക്കുന്നു (n.12).

**iv) അദ്ധ്യാപനശുശ്രൂഷയുടെ മഹത്ത്വവും മാന്യതയും:**

അദ്ധ്യാപകശുശ്രൂഷയെ ഒരു ദൈവവിളിയായിട്ടാണ് കൗൺസിൽ പിതാക്കന്മാർ അവതരിപ്പിക്കുന്നത് (n.5). വിദ്യാലയങ്ങളുടെ വിജയപ്രാപ്തി ഏറ്റവുമധികം ആശ്രയിച്ചിരിക്കുന്നത് അദ്ധ്യാപകരെയാണ്. അവർ മതേതരവും മതപരവുമായ വിഷയങ്ങളിൽ നല്ല വിജ്ഞാനവും യോഗ്യതാബിരുദങ്ങളും ഉള്ളവരായിരിക്കണം; സമകാലീനമായ വിദ്യാഭ്യാസരീതികൾ അവർ പരിശീലിച്ചിരിക്കണം; അവർ തമ്മിൽത്തമ്മിലും വിദ്യാർത്ഥികളോടും സ്നേഹബന്ധം പുലർത്തുകയും ശരിയായ പ്രേഷിതചൈതന്യത്താൽ നിറഞ്ഞവരുമാകണം. വിദ്യാർത്ഥികൾക്ക് വ്യക്തിഗതമായ പ്രവർത്തനങ്ങൾ മുൻകൈയെടുത്തു നടത്തുവാനുള്ള പരിശീലനം നൽകുവാനും വിദ്യാഭ്യാസകാലശേഷവും അവരോട് തുടർബന്ധം പുലർത്തുവാനും അദ്ധ്യാപകർക്കു കഴിയട്ടെ. അദ്ധ്യാപന ശുശ്രൂഷയെ ഒരു പ്രേഷിതവൃത്തിയായും (n.8) മഹനീയകൃത്യമായും (n.12) കണ്ട് അതിന്റെ ശ്രേഷ്ഠതയും കുലീനത്വവുമെല്ലാം എടുത്തു പറഞ്ഞ് അദ്ധ്യാപകരെ കൃതജ്ഞതയോടെ അനുസ്മരിച്ചുകൊണ്ട് ഈ രേഖ സമാപിക്കുന്നു. മനുഷ്യന്റെ സമഗ്രപുരോഗതിയും സഭയുടെ ആന്തരിക നവീകരണവും ലക്ഷ്യംവയ്ക്കുന്ന വിദ്യാഭ്യാസപ്രവർത്തനങ്ങളിലൂടെ ആധുനികലോക ത്തിൽ, പ്രത്യേകിച്ച് ബുദ്ധിജീവികളുടെ ലോകത്തിൽ സഭയുടെ അനുഗ്രഹപ്രദമായ സാന്നിദ്ധ്യം അവൾ നിലനിർത്തുന്നു.